**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2044. 05.10.2016 ന് മറുപടിയ്ക്ക്

**കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കളുടെ വ്യാപനവും, വിൽപ്പനയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.യു. ആർ. പ്രദീപ് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കളുടെ വ്യാപനവും, വിൽപ്പനയും തടയുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പ് എത്ര റെയിഡുകൾ സംസ്ഥാനത്താകെ നടത്തിയിട്ടുണ്ട്; ഇതു പ്രകാരം എത്ര പേർക്കെതിരെ കേസുകൾ എടുത്തിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കളുടെ വ്യാപനവും വിൽപ്പനയും തടയുന്നതിന്റെ ഭാഗമായി 25/05/2016 തീയതി മുതൽ 27/09/2016 തീയതി വരെ എക്സൈസ് വകുപ്പ് സംസ്ഥാനത്താകെ 50214 റെയ്ഡുകൾ നടത്തിയിട്ടു ണ്ട്. ഈ കാലയളവിൽ എൻ.ഡി.പി.എസ്. ആക്ട് പ്രകാരം എക്സൈസ് വകുപ്പ് 1205 ആളുകൾക്കെതിരായി 1079 കേസുകൾ രജിസ്റ്റർ ചെയ്തിട്ടു ണ്ട്. |
| (ബി) | എത്ര കിലോ കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കൾ റെയ്ഡിൽ പിടിച്ചെടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 25/05/2016 തീയതി മുതൽ 27/09/2016 തീയതി വരെ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള എൻ.ഡി.പി.എസ്. കേസുകളിൽ പിടിച്ചെടുത്തിട്ടുള്ള കഞ്ചാവ്, മറ്റ് ലഹരി വസ്തുക്കൾ മുതലായവയുടെ കണക്ക് ചുവടെ ചേർക്കുന്നു.<br>കഞ്ചാവ് - 365.050 കിലോഗ്രാം<br>കഞ്ചാവ് ചെടി - 1892 എണ്ണം<br>കഞ്ചാവ് ബീഡി/സിഗരറ്റ് - 97 എണ്ണം<br>ഹാഷിഷ് ഓയിൽ - 10.701 കിലോഗ്രാം<br>ഹെറോയിൻ - 27.58 ഗ്രാം<br>ബ്രൗൺ ഷുഗർ - 6.82 ഗ്രാം<br>ഓപ്പിയം - 49 ഗ്രാം<br>പോപ്പി പ്ലാന്റ് പൗഡർ - 450 ഗ്രാം<br>മോർഫിൻ - 50 ഗ്രാം<br>അൽപ്രാസോളം - 4 ഗ്രാം<br>നൈട്രാസെപ്പാം - 351 ടാബ്ലറ്റ്<br>ഡൈസെപ്പാം - 1 ടാബ്ലറ്റ്<br>പെന്റാസോസിൻ - 22 ആംപ്യൂൾ<br>ബ്യൂപ്രിനോർഫിൻ - 4 ആംപ്യൂൾ |

സെക്ഷൻ ഓഫീസർ